ടി.കെ ഉബൈദ്



സൂറ - 45

# അൽ ജാഥിയഃ

**സൂക്തം 16-17**

▼

ദൈവ ഭക്തിയോ സത്യസ്നേഹമോ ധർമബോധമോ ഒന്നുമല്ല ഇസ്രാഈല്യരുടെ ഭിന്നിപ്പിനും കക്ഷിത്വത്തിനും പ്രചോദനം. പ്രത്യുത, സമ്പത്ത്, സ്ഥാനമാനങ്ങൾ, അധികാരം, പ്രശസ്തി തുടങ്ങിയ ഭൗതിക നേട്ടങ്ങളിൽ മറ്റുള്ളവരെ മറികടക്കാനും മേധാവിത്വം സ്ഥാപിക്കാനുമുള്ള മോഹവും മാത്സര്യവുമാണ്.

---

وَلَقَدْ ءَاتَيْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ وَٱلْحُكْمَ وَٱلنُّبُوَّةَ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَى
ٱلْعَٰلَمِينَ ﴿١٦﴾ وَءَاتَيْنَٰهُم بَيِّنَٰتٍ مِّنَ ٱلْأَمْرِ ۖ فَمَا ٱخْتَلَفُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ
بَغْيًۢا بَيْنَهُمْ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ﴿١٧﴾

*16*

*ഇസ്രാഈൽ മക്കൾക്ക് നാം വേദവും അധികാരവും പ്രവാചകത്വവും നൽകിയിട്ടുണ്ടായിരുന്നു. വിശിഷ്ട വിഭവങ്ങളും അവർക്കരുളി. ഇതര ലോകർക്കുമേൽ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തു.*

*17*

*കൽപനയാലുള്ള തെളിവുകളും നാം അവർക്കു നൽകി. ജ്ഞാനം ലഭിച്ച ശേഷം തന്നെയാണവർ ഭിന്നിച്ചത്. അത് അവരുടെ തമ്മിൽപോര് മൂലമായിരുന്നു. അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപു നാളിൽ നിന്റെ നാഥൻ തന്നെ വിധി പ്രസ്താവിക്കുന്നതാകുന്നു.*

| | |
|---|---|
| തീർച്ചയായും ഇസ്രാഈൽ മക്കൾക്കു നാം നൽകിയിട്ടുണ്ടായിരുന്നു | وَلَقَدْ آتَيْنَا بَنِي إِسْرَائِيلَ |
| ഗ്രന്ഥം, വേദം | الْكِتَابَ |
| അധികാരവും | وَالْحُكْمَ |
| പ്രവാചകത്വവും | وَالنُّبُوَّةَ |
| വിശിഷ്ട (വിഭവങ്ങളും)ങ്ങളിൽനിന്നു നാം അവർക്കരുളി | وَرَزَقْنَاهُم مِّنَ الطَّيِّبَاتِ |
| നാം അവരെ ശ്രേഷ്ഠരാക്കി, അനുഗ്രഹിച്ചു | وَفَضَّلْنَاهُمْ |
| (ഇതര) ലോകർക്കുമേൽ | عَلَى الْعَالَمِينَ |

| | |
|---|---|
| നാം അവർക്കു നൽകി | وَآتَيْنَاهُم |
| കൽപനയാലുള്ള തെളിവുകളും | بَيِّنَاتٍ مِّنَ الْأَمْرِ |
| അവർ ഭിന്നി(ച്ചത്)ച്ചിട്ടില്ല | فَمَا اخْتَلَفُوا |
| ജ്ഞാനം അവർക്കു വന്നശേഷമല്ലാതെ (ലഭിച്ച ശേഷം തന്നെയാണ്) | إِلَّا مِن بَعْدِ مَا جَاءَهُمُ الْعِلْمُ |
| അവർക്കിടയിലെ അതിക്രമമായിട്ട് (അത് അവരുടെ തമ്മിൽപോര് മൂലമായിരുന്നു) | بَغْيًا بَيْنَهُمْ |
| അവർക്കിടയിൽ നിന്റെ നാഥൻ (തന്നെ) വിധി പ്രസ്താവിക്കുന്നതാകുന്നു | إِنَّ رَبَّكَ يَقْضِي بَيْنَهُمْ |
| ഉയിർത്തെഴുന്നേൽപു നാളിൽ | يَوْمَ الْقِيَامَةِ |
| അവർ ഭിന്നിക്കുന്നത് എന്തിലായിരുന്നുവോ അതിൽ (ഭിന്നിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളിൽ) | فِيمَا كَانُوا فِيهِ يَخْتَلِفُونَ |

**ശ്രേഷ്ഠതക്കാധാരമായ ദൗത്യങ്ങൾ ഉപേക്ഷിക്കുന്നവർക്ക് ശ്രേഷ്ഠത നഷ്ടപ്പെടുക മാത്രമല്ല, ഇതര ജനങ്ങളെക്കാൾ നികൃഷ്ടരായി മാറുകയും ചെയ്യും. അതിന്റെയും ഉദാഹരണമാകുന്നു ഇസ്രാഈല്യർ.**

ഇസ്രാഈല്യരും അവരുടെ പ്രവാചകന്മാരും വേദങ്ങളുമൊക്കെ ഖുർആൻ ഇതിനു മുമ്പ് പലയിടത്തായി സവിശദം ചർച്ച ചെയ്തിരിക്കുന്നു. ഇവിടെ കള്ളം കെട്ടിച്ചമച്ച് ഖുർആനിക ദർശനങ്ങൾ അട്ടിമറിക്കുന്ന കൊടുംപാതകിക -أَفَّاكٍ أَثِيمٍ- ളോട് ക്ഷമിക്കാനും പൊറുക്കാനും ഉപദേശിച്ചതിനനുബന്ധമായി ഇസ്രാഈല്യരെ അനുസ്മരിക്കുന്നതിന് പല മാനങ്ങളുണ്ട്: 1) മുൻ സൂക്തങ്ങൾ അല്ലാഹു മനുഷ്യർക്കേകിയ ഭൗതികമായ അനുഗ്രഹങ്ങൾ അനുസ്മരിച്ചുവല്ലോ. വേദം, പ്രവാചകത്വം തുടങ്ങിയ ആത്മീയാനുഗ്രഹങ്ങൾ അനുസ്മരിക്കുകയാണീ സൂക്തങ്ങൾ. 2) പ്രവാചകനും വേദവും മഹത്തായ അനുഗ്രഹങ്ങളാണ്. അതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നതും അനുസരിക്കാതെ പാഴാക്കിക്കളയുന്നതും മഹാപാതകവും. 3) വേദം യഥാവിധി അനുസരിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യുന്ന സമൂഹം ലോകത്തിന്റെ സന്മാർഗ നായകരാകുന്നു. 4) ഇസ്രാഈല്യർ ദീനീ ഉത്തരവാദിത്വം നിർവഹിക്കാതിരുന്നതിനാൽ അവരുടെ ആചാര്യപദവി നഷ്ടപ്പെട്ടു. ഇപ്പോൾ ലോകരെ സന്മാർഗത്തിലേക്കു നയിക്കുക എന്ന ഉത്തരവാദിത്വം മുഹമ്മദീയ സമൂഹത്തെ ഏൽപിച്ചിരിക്കുകയാണ്. ഉത്തരവാദിത്വം നിർവഹിച്ചില്ലെങ്കിൽ അവർക്കും ആ പദവി നഷ്ടമാകും. സ്വേഛാനുസാരം വേദ ദർശനങ്ങൾ അട്ടിമറിക്കുന്നതിന്റെ ആശാന്മാരായിരുന്നു ഇസ്രാഈലീ പുരോഹിതന്മാർ. ഖുർആനികാശയങ്ങൾ ദുർവ്യാഖ്യാനിച്ച് അട്ടിമറിക്കാനുള്ള ദുർന്യായങ്ങളും കുയുക്തികളും ഖുറൈശീ നേതാക്കൾക്ക് ഉപദേശിച്ചു കൊടുക്കാൻ അവർ ഉത്സുകരായിരുന്നു. ഈ സാഹചര്യത്തിൽ അവരെക്കുറിച്ച് ഉണർത്തുകയാണ്: ഇസ്രാഈല്യർക്ക് അല്ലാഹു വേദഗ്രന്ഥം- തൗറാത്ത്- നൽകിയിട്ടുണ്ടായിരുന്നു. തൗറാത്തിലെ തത്ത്വങ്ങളിലധിഷ്ഠിതമായി സമൂഹത്തെ ഭരിക്കാനുള്ള അധികാരവും കൊടുത്തിരുന്നു. അവരിൽ രാജാക്കന്മാരുണ്ടായി. ഫലസ്തീനും പരിസര പ്രദേശങ്ങളും അവരുടെ അധിനിവേശത്തിലുള്ള ഭരണപ്രദേശങ്ങളായിരുന്നു. حُكْم നെയാണ് അധികാരം എന്ന് തർജമ ചെയ്തിട്ടുള്ളത്. ഖുർആൻ പലയിടത്തും അധികാരത്തെ حُكْم എന്നു വ്യവഹരിച്ചിട്ടുണ്ട്. ഉദാ: إِنِ الْحُكْمُ إِلَّا لِلَّهِ -'അധികാരം അല്ലാഹുവിനു മാത്രമാകുന്നു' (12:40, 67). തത്ത്വജ്ഞാനം എന്നും വേദതത്ത്വങ്ങളുടെ പ്രയോഗവൽക്കരണ ക്രമം എന്നും حُكْم ന് അർഥമുണ്ട്. ഈ അർഥങ്ങളിലും സൂക്തം വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. പ്രയോഗ നിയമങ്ങളെക്കുറിച്ച് തുടർന്ന് بَيِّنَاتٍ مِّنَ الْأَمْرِ എന്നു പറയുന്നതുകൊണ്ട് ഇവിടെ പരാമർശിച്ച حُكْم ഭരണാധികാരം ആണെന്നു കരുതുന്നതാണ് കൂടുതൽ യുക്തം. ഇസ്രാഈല്യർക്ക് അരുളിയ മറ്റൊരനുഗ്രഹം, ഏറക്കാലം സമൂഹത്തിൽ നിരന്തരം പ്രവാചകന്മാർ നിയുക്തരായി എന്നതാണ്. ദാവൂദ്, സുലൈമാൻ തുടങ്ങിയ പ്രവാചക വര്യന്മാർ രാജാക്കന്മാരുമായിരുന്നു. പ്രവാചകന്മാരുടെ തുടർച്ചയായ സാന്നിധ്യം അവർക്ക് സത്യവിശ്വാസത്തിലും സത്യദീനിലും ഉറച്ചുനിൽക്കാ

നും ഒപ്പം ലോകത്തിന്റെ ആത്മീയാചാര്യന്മാരും സത്യസാക്ഷികളുമാകാനും അവസരമൊരുക്കി. വിശിഷ്ട വിഭവങ്ങൾ സമൃദ്ധമായി വിളയുന്ന ഫലസ്തീൻ പ്രദേശത്ത് അവരെ അധിവസിപ്പിച്ചു. അങ്ങനെ അല്ലാഹു അവരെ ലോകരിൽ ഏറ്റം ശ്രേഷ്ഠമായ സമൂഹമാക്കി. ഈ ശ്രേഷ്ഠത അവർ ഇസ്രാഈൽ വംശമായതുകൊണ്ടല്ല. വേദവാഹകരും വേദപ്രമാണങ്ങൾ നടപ്പാക്കുന്നവരും പ്രവാചക വര്യന്മാരാൽ നയിക്കപ്പെടുന്നവരും ഇതര ജനങ്ങളെ സത്യദീനിലേക്ക് പ്രബോധനം ചെയ്യുന്നവരും ആയതുകൊണ്ട് ലഭിച്ചതാണ്. ഈ ശ്രേഷ്ഠതക്കാധാരമായ ദൗത്യങ്ങൾ ഉപേക്ഷിക്കുന്നവർക്ക് ശ്രേഷ്ഠത നഷ്ടപ്പെടുക മാത്രമല്ല, ഇതര ജനങ്ങളെക്കാൾ നികൃഷ്ടരായി മാറുകയും ചെയ്യും. അതിന്റെയും ഉദാഹരണമാകുന്നു ഇസ്രാഈല്യർ. വേദസൂക്തങ്ങൾ വ്യഷ്ടിഗതവും സമഷ്ടിഗതവുമായ ജീവിതത്തിൽ പ്രയോഗവൽക്കരിക്കുന്നതിനുള്ള നിയമങ്ങളും വ്യവസ്ഥകളും കൂടി അല്ലാഹു അവരെ പഠിപ്പിച്ചിരുന്നു. وَآتَيْنَاهُم بَيِّنَاتٍ مِّنَ الْأَمْرِ ۖ യുടെ ഭാഷാർഥം 'നാം അവർക്കു കൽപനകളിൽനിന്ന് അല്ലെങ്കിൽ കൽപനകളാലുള്ള തെളിവുകൾ നൽകി' എന്നാകുന്നു. أَمْر ന് കാര്യവ്യവസ്ഥിതി, ഭരണം എന്നീ അർഥങ്ങളുമുണ്ട്. ഇവിടെ ഈ അർഥങ്ങളെല്ലാം പ്രസക്തമാകുന്നു. امر ൽനിന്നുള്ള കർതൃപദമായ امير ഭരണാധികാരിയാണ്. ഭാഷയിൽ بينات തെളിവുകളാണ്. രേഖകൾ, വിശദീകരണങ്ങൾ തുടങ്ങിയ അർഥത്തിലും ഉപയോഗിക്കും. ദൈവകൽപനകൾ അല്ലെങ്കിൽ വേദവിധികൾ എങ്ങനെ നടപ്പാക്കണം എന്നതിന്റെ വിശദീകരണം അഥവാ ശരീഅത്തു നിയമമാണ് ഉദ്ദേശ്യം.

ഈ സവിശേഷതകൾ ഇസ്രാഈല്യരെ, എന്നും അല്ലാഹുവിനോട് നിഷ്കളങ്കമായ നന്ദിയും കൂറുമുള്ള ദാസന്മാരും ദൈവിക ദർശനത്തിന്റെ ആചാര്യന്മാരും വേദധർമത്തിന്റെ സജീവ മാതൃകയുമാക്കി നിലനിർത്തേണ്ട അനുഗ്രഹങ്ങളായിരുന്നു. പക്ഷേ, വേദദർശനങ്ങൾ മുറുകെപ്പിടിച്ച് ഒറ്റക്കെട്ടായി നിൽക്കുന്നതിൽ അവർ പരാജയപ്പെട്ടു. അവർ പല കക്ഷികളായി ഭിന്നിച്ചു. ഓരോ കക്ഷിയും വേദസൂക്തങ്ങൾ അവർക്കിഷ്ടപ്പെട്ട വിധം വ്യാഖ്യാനിച്ചു. അതിന്റെ പേരിൽ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. തങ്ങൾക്കിഷ്ടപ്പെടാത്ത സത്യങ്ങൾ പ്രഘോഷണം ചെയ്ത ചില പ്രവാചകന്മാരെ കൊന്നുകളയുക വരെ ചെയ്തു. ഈസാ പ്രവാചകൻ വന്നപ്പോൾ അദ്ദേഹത്തെ ജാരസന്തതിയെന്നാക്ഷേപിച്ചു തള്ളിക്കളഞ്ഞു. ഈസാ നബിയിൽ വിശ്വസിച്ചവരാവട്ടെ, അവരെയും സത്യനിഷേധികളായി തള്ളി. ഇപ്പോൾ മുഹമ്മദ് നബി ആഗതനായപ്പോൾ രണ്ടു കൂട്ടരും അദ്ദേഹത്തെ തള്ളിക്കളയുന്നതിൽ ഏകോപിച്ചിരിക്കുന്നു. വാസ്തവത്തിൽ രണ്ടു കൂട്ടരുടെയും കൈവശമുള്ള വേദങ്ങൾ പ്രവചിച്ചിട്ടുള്ള യാഥാർഥ്യമാണ് മുഹമ്മദീയ പ്രവാചകത്വം. ആ പ്രവചനങ്ങളെ ഇരു കൂട്ടരും വ്യാഖ്യാനങ്ങൾ കൊണ്ട് അട്ടിമറിക്കുകയാണ്.

ദൈവ ഭക്തിയോ സത്യസ്നേഹമോ ധർമബോധമോ ഒന്നുമല്ല ഇസ്രാഈല്യരുടെ ഭിന്നിപ്പിനും കക്ഷിത്വത്തിനും പ്രചോദനം. പ്രത്യുത, സമ്പത്ത്, സ്ഥാനമാനങ്ങൾ, അധികാരം, പ്രശസ്തി തുടങ്ങിയ ഭൗതിക നേട്ടങ്ങളിൽ മറ്റുള്ളവരെ മറികടക്കാനും മേധാവിത്വം സ്ഥാപിക്കാനുമുള്ള മോഹവും മാത്സര്യവുമാണ്. بَغْيًا بَيْنَهُمْ ۚ എന്നാണ് മൂലവാക്ക്. ആഗ്രഹിച്ചു എന്നും ആക്രമിച്ചു എന്നും അർഥമുള്ള بَغَى യുടെ നാമപദമാണ് بَغِي. സഭ്യേതരമായ കാര്യം ആഗ്രഹിക്കലും അതിനുവേണ്ടി അക്രമം ചെയ്യലും. ഈയടിസ്ഥാനത്തിൽ അനാശാസ്യ നടപടികളെ بَغْي എന്നു പറയും. അഭിസാരിക بَغِيٌّ ആണ്. പരസ്പരമുള്ള വിരോധവും പകയും മാത്സര്യവുമാണ് ഇവിടെ بَغْيًا بَيْنَهُمْ ۚ കൊണ്ടുദ്ദേശ്യം. ഭിന്നവിഭാഗങ്ങളെല്ലാം മൗലികമായ വേദസത്യങ്ങളറിയുന്നവരാകുന്നു. മൗലിക സത്യങ്ങളറിഞ്ഞവരിലുണ്ടാകുന്ന ഭിന്നിപ്പുകൾക്കടിസ്ഥാനം بَغْيًا بَيْنَهُمْ ۚ ആണ്. മുസ്‌ലിം സമുദായമടക്കം എല്ലാ വേദക്കാരുടെ കാര്യത്തിലും ഇപ്പറഞ്ഞത് സാധുവാകുന്നു. സ്വാർഥ താൽപര്യങ്ങളുടെയും പകയുടെയും പേരിൽ പരസ്പരം ഭിന്നിക്കുന്നവർക്കിടയിൽ വിധി പറയാനും ഒന്നിപ്പിക്കാനും അകത്തുള്ളവർക്കോ പുറത്തുള്ളവർക്കോ കഴിയില്ല. കാരണം, സത്യവും ഐക്യവുമല്ല അവരുടെ ലക്ഷ്യം; അവരവരുടെ بَغْي കൾ ജയിക്കലാകുന്നു. അല്ലാഹു തന്നെ വേണം അവർക്കിടയിൽ വിധി പറയാൻ. ഉയിർത്തെഴുന്നേൽപുനാളിൽ അവൻ തന്റെ വിധി പ്രഖ്യാപിക്കും. ആ വിധി എല്ലാവരും സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യുകൊള്ളും. ഈ വിഷയം നേരത്തെ 2:213, 3:19, 42:14 സൂക്തങ്ങളിലും ചർച്ച ചെയ്തിരിക്കുന്നു. ●

**ഇസ്രാഈല്യർ ദീനീ ഉത്തരവാദിത്വം നിർവഹിക്കാതിരുന്നതിനാൽ അവരുടെ ആചാര്യ പദവി നഷ്ടപ്പെട്ടു. ഇപ്പോൾ ലോകരെ സന്മാർഗത്തിലേക്കു നയിക്കുക എന്ന ഉത്തരവാദിത്വം മുഹമ്മദീയ സമൂഹത്തെ ഏൽപിച്ചിരിക്കുകയാണ്.**